മി. സ്പീക്കർ : ഓർഡർ.....ഓർഡർ

അഭിനന്ദനം

സുഗതകുമാരി ടീച്ചർക്ക് സരസ്വതിസമ്മാനം

മി. സ്പീക്കർ: മലയാളത്തിന്റെ മണവും വാത്സല്യവും കവിതയിൽ നിറച്ച പ്രിയപ്പെട്ട കവയിത്രി ശ്രീമതി സുഗതകുമാരിക്ക്, ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യ പുരസ്ക്കാരമായ സരസ്വതി സമ്മാനം ലഭിച്ചു എന്നത് നമുക്ക് ആഹ്ലാദകരവും അഭിമാനകരവുമായ വാർത്തയാണ്. മലയാള ത്തിൽനിന്നും ഇതിനുമുമ്പേ, ബാലാമണിയമ്മയ്ക്കും അയ്യപ്പപ്പണിക്കർക്കും മാത്രമേ ഈ പുരസ്കാരം ലഭിച്ചിരുന്നുള്ളു.

മലയാളത്തിൽ എപ്പോഴും നിറഞ്ഞു നിൽക്കുന്ന ഹരിതരാശിയാണ് സുഗതകുമാരിയുടെ കവിത.

ബിംബ കല്പനകളുടെ സമൃദ്ധിയും ഭാവതീവ്രതയും നിറഞ്ഞതാണ് സുഗതകുമാരിയുടെ കവിതകളെന്നും പ്രകൃതിയോടും സമൂഹത്തിന്റെ ഓരങ്ങളിൽ ജീവിക്കുന്നവരോടുമുള്ള സ്നേഹം അവയുടെ പ്രത്യേകതയാ ണെന്നുമുള്ള അവാർഡ് നിർണ്ണയ സമിതിയുടെ നിരീക്ഷണം പ്രത്യേകം ശ്രദ്ധേയമാണ്.

മലയാളഭാഷയെയും പ്രകൃതിയെയും സ്നേഹിക്കാൻ പഠിപ്പിക്കുന്ന സുഗതകുമാരിക്ക് കേരള നിയമസഭയുടെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സുഗതകുമാരി ടീച്ചർ മലയാള ത്തിന്റെ ഒരഭിമാനമാണ്. അവർക്ക് തികച്ചും അർഹിക്കുന്ന ഒരു അംഗീ

കാരമാണ് സരസ്വതി പുരസ്കാരം ലഭിച്ചതിൽക്കൂടി ലഭിച്ചിരിക്കുന്നത്.  ഇത് സുഗതകുമാരി ടീച്ചർക്ക് മാത്രമല്ല മലയാളികൾക്കെല്ലാം അഭിമാനിക്കാനുള്ള ഒരു മുഹൂർത്തമാണിത്. അങ്ങ് ഈ നിയമസഭയുടെ സന്തോഷം പ്രകടിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കിയതിന് അങ്ങേയ്ക്ക് പ്രത്യേകമായ ഒരഭിനന്ദനം കൂടി പ്രകടിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ശ്രീമതി സുഗതകുമാരി ടീച്ചർക്ക് ഈ അവാർഡ് ലഭിച്ചതിൽ അവരെ അഭിനന്ദിക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചത് ഏറെ സന്തോഷത്തോടും ബഹുമാനത്തോടും കൂടിയാണ് ഞാൻ കാണുന്നത്.  അവരുടെ ഒട്ടേറെ കവിതകൾ, കേരളത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ സീരിയസ്സായി സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഏറ്റവും മനോഹരമായ കവിതകളാണ് അവർ സമൂഹത്തിന് സമർപ്പിച്ചിട്ടുള്ളത്. അങ്ങനെയുള്ള സുഗതകുമാരി ടീച്ചറെ അഭിനന്ദിക്കുന്നതിന് അങ്ങും മുഖ്യമന്ത്രിയും എടുത്തിട്ടുള്ള സമീപനത്തെ അങ്ങേയറ്റം ബഹുമാനിക്കുന്നു.  അവർക്ക് നല്ലപുരോഗതിയും ഇനിയും  ഒട്ടേറെ കവിതകൾ സമൂഹത്തിന് കാഴ്ചവയ്ക്കാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(മി. സ്പീക്കർ)